പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.2796

**17.06.2019** -ലെ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ പദ്ധതികൾ

| ചോദ്യം<br>ശ്രീ.എം ഉമ്മർ : | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ എല്ലാ സാമൂഹ്യസുരക്ഷാ പദ്ധതികളും ലയിപ്പിച്ച് ഏകീകൃത ബോർഡിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കേന്ദ്ര പദ്ധതിയുടെ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ;<br><br>ബി) ഈ വിഷയം സംബന്ധിച്ച ആശങ്കകൾ കേന്ദ്രത്തെ അറിയിച്ച സാഹചര്യത്തിൽ ലഭ്യമായ മറുപടിയുടെ വിശദാംശം നൽകുമോ; | എ) യും ബി) യും - സംസ്ഥാനത്തെ എല്ലാ സാമൂഹ്യസുരക്ഷാ പദ്ധതികളും ലയിപ്പിച്ച് ഏകീകൃത ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) നിലവിലുള്ള 16 ബോർഡുകളും ഏകീകരിക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക സാമ്പത്തിക പ്രത്യാഘാതങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ? | സി) പഠനവിധേയമാക്കിയിട്ടില്ല. |

Sreekala

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

1948-ലെ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് നിയമം 1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് & മിസലേനിയസ് പ്രൊവിഷൻസ് നിയമം 1923-ലെ എംപ്ലോയീസ് കോമ്പൻസേഷൻ നിയമം, 1961-ലെ മെറ്റേണിറ്റി ബെനഫിറ്റ് നിയമം, 1972-ലെ പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം, 2008-ലെ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി നിയമം, 1976-ലെ ബീഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് നിയമം, 1976-ലെ ബീഡി വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമം, 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് നിയമം തുടങ്ങി 17 നിയമങ്ങൾ ദുർബലപ്പെടുത്തിക്കൊണ്ട് കേന്ദ്രസർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നിയമമാണ് 2018-ലെ ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി. ദുർബ്ബലപ്പെടുത്തുന്ന 17 നിയമങ്ങളിലെ ആനുകൂല്യങ്ങളും നിബന്ധനകളും ഒരു നിയമത്തിൻ കീഴിലേക്ക് കൊണ്ടുവരുന്നതിനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്.

നിലവിൽ 16 തൊഴിലാളി ക്ഷേമബോർഡുകളും അതിലുമധികം വരുന്ന ക്ഷേമപദ്ധതികളും അടങ്ങുന്ന വിപുലമായ ഒരു സാമൂഹ്യ സുരക്ഷാ സംവിധാനം നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് പുതിയ നിയമം ഒട്ടേറെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഭരണഘടന വ്യവസ്ഥ പ്രകാരം സമവർത്തിപട്ടികയിൽ ഉൾപ്പെട്ട ഒരു വിഷയത്തിൽ കേന്ദ്രവും സംസ്ഥാനവും നിയമ നിർമ്മാണം നടത്തിയാൽ കേന്ദ്രനിയമത്തിനാകും പ്രാബല്യം ലഭിക്കുക. സേവനാനന്തരകാല പെൻഷൻ, ചികിത്സാനുകൂല്യം, അവധി വേതനം, അവശതാ സഹായം എന്നിങ്ങനെയുള്ള വിവിധതരം ആനുകൂല്യ വ്യവസ്ഥകൾ കേന്ദ്രനിയമത്തിൽ ഉൾപ്പെടുന്നതിനാൽ ഈ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി പിരിച്ചെടുക്കുന്ന തൊഴിലുടമ-തൊഴിലാളി വിഹിതങ്ങളും സെസ്സും പുതിയ നിയമ പ്രകാരം സ്ഥാപിതമാകുന്ന സാമൂഹ്യ സുരക്ഷാബോർഡിൽ നിക്ഷിപ്തമാവുന്നതും ഇതിനായി പ്രത്യേകം പ്രത്യേകം വകയിരുത്തപ്പെടുന്ന സ്കീം ഫണ്ടുകളിലേക്ക് ചേർക്കപ്പെടുന്നതുമായിരിക്കും. ക്ഷേമഫണ്ടുകളുടെ നിയന്ത്രണം നിർദ്ദിഷ്ട സാമൂഹ്യ സുരക്ഷാബോർഡിന് കൈവരുന്നതോടെ കേരളത്തിലെ ക്ഷേമബോർഡുകൾ അപ്രത്യക്ഷമാകും. കോഡിൽ പ്രസ്താവിക്കുന്നതിന് പുറമെ അധികവിഹിതം പിരിച്ച് അധികാനുകൂല്യങ്ങൾ നൽകുന്നതിന് നിയമപ്രകാരം തടസ്സമില്ലെങ്കിലും കോഡിൽ വിഭാവനം ചെയ്യുന്ന 19.5 ശതമാനത്തിന് പുറമെ അധികവിഹിതം തൊഴിലുടമയിൽ നിന്ന് പിരിക്കുന്നത് പ്രായോഗികമാവില്ല. കേരളത്തിൽ നിലവിലുള്ള ക്ഷേമനിധികളിൽ നാമമാത്രമായ അംശാദായമാണ് തൊഴിലാളികളിൽ നിന്ന് ഈടാക്കിവരുന്നത്. എന്നാൽ പുതിയ കേന്ദ്ര നിയമ പ്രകാരം തൊഴിലാളി അടയ്ക്കേണ്ടി വരുന്നത് വേതനത്തിന്റെ 12.5% ആണ്. നിലവിൽ 10,000/- രൂപ മാസശമ്പളമുള്ള ഒരു പീടികത്തൊഴിലാളി മാസം 20 രൂപ അംശദായം അടയ്ക്കുമ്പോൾ പുതിയ നിയമപ്രകാരം 1250/- രൂപ അടയ്ക്കേണ്ടിവരും. ഇ.പി.എഫ്, ഇ.എസ്.ഐ കവറേജിന് പുറത്തുള്ള അസംഘടിത മേഖലയിലെ ലക്ഷോപലക്ഷം തൊഴിലാളികളാണ് നാമമാത്രമായ അംശദായം നൽകി പരിമിതമെങ്കിലും വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ കൈപ്പറ്റി വരുന്നത്. എന്നാൽ പുതിയ നിയമപ്രകാരമുള്ള തൊഴിലാളി വിഹിതം നൽകാൻ കഴിയാതെ വന്നാൽ ഇവർക്ക് തങ്ങളുടെ രജിസ്ട്രേഷൻ നിലനിർത്താൻ കഴിയാതെ വരും. മിനിമം വേതനത്തിന് താഴെ കുടുംബവരുമാനമുള്ള തൊഴിലാളികൾ അംശദായമടക്കേണ്ടതില്ല എന്ന് പുതിയ നിയമ നിർദ്ദേശത്തിൽ പ്രസ്താവിക്കുന്നുണ്ടുവെങ്കിലും ആയതിന്റെ പ്രായോഗികതയെപ്പറ്റി വ്യക്തതയില്ല.

ദേശീയതലത്തിലും സംസ്ഥാനത്തിലും അതിവിപുമായ രീതിയിൽ വിഭാവനം ചെയ്യുന്ന ഈ സാമൂഹ്യ സുരക്ഷാ സംവിധാനത്തിന്റെ വിവിധതലത്തിലുള്ള നിർവ്വഹണം മധ്യവർത്തി ഏജൻസികൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഫണ്ട് മാനേജ്മെന്റ്, സേവനദാനം,

ആനുകൂല്യ വിതരണം, രേഖാ സൂക്ഷിപ്പ് എന്നിവയെല്ലാം ഇപ്രകാരമുള്ള ഏജൻസികൾക്ക് ലൈസൻസ് നൽകുമെന്നാണ് പറയുന്നത്. നിയമത്തിലെ വാചകഘടനയിൽ നിന്നും ഇവ സർക്കാരിതര സംഘടനകളായിരിക്കുമെന്നാണ് അനുമാനിക്കേണ്ടത്. തൊഴിൽ വകുപ്പും വിവിധ ക്ഷേമബോർഡുകളും ഉൾപ്പെടെയുള്ള സർക്കാർ സംവിധാനം നമ്മുടെ സംസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇ.പി.എഫ്, ഇ.എസ്.ഐ സംവിധാനങ്ങൾക്ക് നിലവിലുള്ള ജീവനക്കാരും സംഘടനയും നിയമനിർദ്ദേശപ്രകാരം സാമൂഹ്യസുരക്ഷാ ബോർഡുകളിലേക്ക് വിന്യസിക്കേണ്ടിവരും. ഈ സർക്കാർ നിയന്ത്രിത സംവിധാനങ്ങൾ നിലനിൽക്കുമ്പോൾ സർക്കാരിതര മധ്യവർത്തി ഏജൻസികളെ നിർവ്വഹണം ഏൽപിക്കുന്നത് അഭികാമ്യമായിരിക്കുകയില്ല.

മറ്റൊരു സുപ്രധാന വിഷയം ഫണ്ട് മാനേജ്മെൻറുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാന ബോർഡിൽ നിന്നും വരുന്ന അധിക ഫണ്ടുകൾ സെൻട്രൽ ബോർഡിലേക്ക് അടവാക്കണമെന്നും അത് പ്രൊഫഷണൽ വൈദഗ്ധ്യത്തോടെ നിക്ഷേപസാദ്ധ്യതകൾക്കായി വിനിയോഗിക്കുമെന്നും സ്കീം നടപ്പിലാക്കുന്നതിന്റെ ചെലവിനങ്ങൾക്ക് അത് സംസ്ഥാന ബോർഡുകളിലേക്ക് മടക്കിനൽകുമെന്നാണ് പറയുന്നത്. ഇപ്രകാരം ഫണ്ട് സ്വകാര്യ പദ്ധതികളിൽ നിക്ഷേപിക്കുവാൻ ഇടയായേക്കും. ഇത് തൊഴിലാളി താൽപര്യങ്ങൾക്ക് അനുഗുണമായിരിക്കുമെന്ന് കരുതാനാവില്ല.

Sheela

**സെക്ഷൻ ഓഫീസർ**